**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - സമാശ്വാസ തൊഴിൽദാന പദ്ധതി- കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ ആയി ജോലി നോക്കി വരവെ മരണപ്പെട്ട ജയ.വി.എം-ന്റെ മകളായ കുമാരി.പാർവ്വതി.എ.ജെ-യ്ക്ക് ഗ്രാമവികസന വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (എം.എസ്) നമ്പർ. 41/2021/തസ്വഭവ, തിരുവനന്തപുരം, തീയതി: 14/02/2021

---

പരാമർശം :

1. 30/12/1991 ലെ ജി.ഒ (പി) 45/91/പി &എ.ആർ.ഡി നമ്പർ ഉത്തരവ്.
2. 12/08/1996-ലെ ജി.ഒ (പി) 460/96-ാം നമ്പർ വിജ്ഞാപനം.
3. (എ) 24/05/1999-ലെ ജി.ഒ (പി) 12/1999/പി&എ.ആർ.ഡി നമ്പർ ഉത്തരവ്.
   (ബി) 18/11/1999-ലെ ജി.ഒ.(പി) 24/99/പി&എ.ആർ.ഡി നമ്പർ ഉത്തരവ്.
4. 23/07/2013-ലെ ജി.ഒ.(എം.എസ്) നം.21/2013/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
5. 26/09/2014-ലെ ജി.ഒ.(പി) നം.33/14/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
6. സ.ഉ (കൈ) നം.5/2018/ഉപഭവ തീയതി 21/02/2018
7. ജി.ഒ.(എം.എസ്) നം. 58/2010/ഐ.ഡി തീയതി 15/03/2010
8. കുമാരി.പാർവ്വതി.എ.ജെ 24/08/2017-ൽ സമർപ്പിച്ച അപേക്ഷ.
9. ഗ്രാമവികസന കമ്മീഷണറുടെ 31/01/2018-ലെ 15862/എസ്റ്റാ.സി1/2017/സിആർഡി നമ്പർ കത്ത്.
10. കൊല്ലം ജില്ലാ കളക്ടറുടെ 12/01/2021-ലെ DCKLM/11232/2020-S4 നമ്പർ കത്ത്.

**ഉത്തരവ്**

വ്യവസായ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന സെറിഫെഡിൽ നിന്നും പരാമർശം(7)ലെ ഉത്തരവ് പ്രകാരം ഗ്രാമവികസന വകുപ്പിലേക്ക് പുനർവിന്യസിക്കപ്പെട്ട് കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ ആയി ജോലി ചെയ്ത് വരവെ 07.09.2012-ൽ മരണമടഞ്ഞ ജയ.വി.എം-ന്റെ മകളായ കുമാരി.പാർവ്വതി.എ.ജെ, ആശ്രിത നിയമനത്തിനായി പരാമർശം (8) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (9) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു. സേവന സാക്ഷ്യപത്രം പ്രകാരം മരണപ്പെട്ട ജീവനക്കാരിയ്ക്ക് ആകെ 10 വർഷം സർവീസ് ഉണ്ടായിരുന്നു. കൊല്ലം ജില്ലാ കളക്ടർ പരാമർശം(10) പ്രകാരം അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

2) പരേതയുടെ മരണശേഷം കുടുംബത്തിലെ ആർക്കും തന്നെ ഈ പദ്ധതിപ്രകാരമുള്ള ആശ്രിതനിയമനം നൽകിയിട്ടില്ല. അപേക്ഷകയുടെ ജനനതീയതി 23/03/1998 ആണ്. 22 വയസ്സ് പ്രായമുണ്ട്. അപേക്ഷക ഹയർ സെക്കൻഡറി പരീക്ഷ പാസ്സായിട്ടുണ്ട്. കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകണമെന്നാണ് അപേക്ഷിച്ചിരിക്കുന്നത്. ആശ്രിതനിയമനം ലഭിക്കുന്ന പക്ഷം ആശ്രിതരെ വേണ്ടവിധം സംരക്ഷിച്ചുകൊള്ളാമെന്ന് സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതമാണെന്ന് മറ്റ് അവകാശികൾ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.

3) മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ, കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ, തലവൂർ വില്ലേജിൽ, കുര മുറിയിൽ, മുരുക സദനത്തിൽ കുമാരി.പാർവ്വതി.എ.ജെ-യ്ക്ക് ഗ്രാമവികസന വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു. പരാമർശം (3), (5) ഉത്തരവുകളിലെ നിബന്ധനകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, വൈദ്യപരിശോധന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, അനന്തരവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ രേഖകളുടെയും യഥാർത്ഥ പ്രതി നിയമനാധികാരി പരിശോധിക്കേണ്ടതാണെന്നുള്ള വ്യവസ്ഥയിലും അപേക്ഷകയ്ക്ക് ഗ്രാമവികസന വകുപ്പിൽ നിലവിലുള്ളതോ ഒഴിവ് വരുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ കൊല്ലം ജില്ലയിൽ നിയമനം നൽകേണ്ടതാണ്. ഈ നിയമങ്ങളെല്ലാം പരിശോധിച്ചതിനു ശേഷം ഗ്രാമവികസന കമ്മീഷണർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഒരു പകർപ്പ് സർക്കാരിൽ തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പിൽ അയച്ചുതരേണ്ടതുമാണ്. നിയമനം നൽകിയ വിവരം പരേതയുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. പരാമർശം (2) ലെ സർക്കാർ വിജ്ഞാപനപ്രകാരം അപേക്ഷകയുടെ നിയമനത്തിനു ശേഷം പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പുതല പരീക്ഷകൾ പാസായിരിക്കേണ്ടതാണ്.

4) അപേക്ഷ സമർപ്പിക്കുന്ന സമയത്തോ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക വസ്തുതകൾ തെറ്റിദ്ധരിപ്പിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്തതായി സർക്കാരിന് എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുകയോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

5) പരാമർശം (1) ലെ ഉത്തരവ് പ്രകാരം അപേക്ഷകയുടെ ജനനതീയതിയിൽ സർവ്വീസ് ബുക്കിൽ എന്തെങ്കിലും തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനുള്ളിൽ അപേക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐഎഎസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1) കുമാരി.പാർവ്വതി.എ.ജെ , D/o(late) ജയ.വി.എം, മുരുക സദനം ,കുര (പി.ഒ ),കൊല്ലം-691 557 (രജിസ്റ്റേർഡ് തപാൽ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (അപേക്ഷയും അനുബന്ധരേഖകളും സഹിതം)
3) ജില്ലാ കളക്ടർ, കൊല്ലം
4) പൊതുഭരണ (സി.ഇ) സെൽ വകുപ്പ്
5) പൊതുഭരണ (എസ് സി) വകുപ്പ് (10/02/2021 ലെ ഇനം നമ്പർ 4618 പ്രകാരം)
6) ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് (12/02/2020 ലെ റൂൾസ്3/104/2018/ഉഭപവ പ്രകാരം)
7) ധനകാര്യ വകുപ്പ് (18/06/2020 ലെ ഡെവ-1/64/2020/ധന പ്രകാരം)
8) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം.ഇആർബി2/51/2018/തസ്വഭവ ഇനം നം: 4618

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - സെറിഫെഡിൽ നിന്നും ഗ്രാമവികസന വകുപ്പിലേക്ക് പുനർവിന്യസിക്കപ്പെട്ട് സൂപ്പർന്യൂമററി തസ്തികയിൽ നിയമിതയായി അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറായിരിക്കെ മരണപ്പെട്ട ജയ എം. വി.-യുടെ മകളായ കുമാരി പാർവ്വതി എ.ജെ.-ക്ക് കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

11/02/21

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നം. | : | ഇആർബി2/51/2018/തസ്വഭവ |
| 2. | വകുപ്പ് | : | തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ് |
| 3. | വിഷയം | : | സെറിഫെഡിൽ നിന്നും ഗ്രാമവികസന വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട് സൂപ്പർന്യൂമററി തസ്തികയിൽ നിയമിതയായി അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറായിരിക്കെ മരണപ്പെട്ട ജയ.എം.വിയുടെ മകളായ കുമാരി.പാർവ്വതി.എ.ജെ ക്ക് കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി സംബന്ധിച്ച് |
| 4. | മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.09.2020 |
| 5. | i. ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ?<br>ii.സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ആർ.എസ്.കണ്ണൻ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/1/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/02/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എ.സി.മൊയ്തീൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09/02/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

15/03/2010-ലെ ജി.ഒ (എം.എസ്) 58/2010/വ്യവ പ്രകാരം സെറിഫെഡിൽ നിന്നും ഗ്രാമവികസന വകുപ്പിലേയ്ക്ക് പുനർ വിന്യസിക്കപ്പെട്ട്, സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതയായി, അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറായി സേവനത്തിലിരിക്കെ 07/09/2012-ൽ മരണപ്പെട്ട ജയ.എം.വി-യുടെ മകളായ കുമാരി.പാർവ്വതി.എ.ജെ-യ്ക്ക് ഗ്രാമവികസന വകുപ്പിൽ കൊല്ലം ജില്ലയിൽ നിലവിലുള്ളതോ ഉടനുണ്ടാകുന്നതോ ആയ ഒഴിവിൽ ക്ളർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്. Flag Q

2. കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ ആയിരിക്കെ 07/09/2012-ൽ ജയ.എം.വി മരണപ്പെട്ടു. ടിയാരിയുടെ മകളായ കുമാരി.പാർവ്വതി.എ.ജെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. p 3-67 cf

3. 15/03/2010-ലെ ജി.ഒ (എം.എസ്) 58/2010/വ്യവ പ്രകാരം സെറിഫെഡ് നിർത്തലാക്കുകയും ജീവനക്കാരെ തദ്ദേശസ്വയംഭരണം/ ഗ്രാമവികസനം, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവിടങ്ങളിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം ശ്രീമതി.ജയ.എം.വി ഉൾപ്പെടെ 44 അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാർ സെറിഫെഡിൽ നിന്നും ഗ്രാമവികസന വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടു. മേൽ ഉത്തരവ് പ്രകാരം 44 അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ തസ്തിക സൂപ്പർ ന്യൂമററി തസ്തികയായിരിക്കുമെന്നും ടി തസ്തിക വാനിഷിംഗ് കാറ്റഗറിയായി കണക്കാക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിഗണനയിലിരിക്കുന്ന ആശ്രിത നിയമന അപേക്ഷകളിന്മേൽ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമവികസന/തദ്ദേശ സ്വയംഭരണ വകുപ്പുകൾ തീർപ്പാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആശ്രിതനിയമനവുമായി ബന്ധപ്പെട്ട Flag Q

24/05/1999-ലെ ജി.ഒ(പി) നം.12/99/പി&എആർഡി ഉത്തരവിലോ തുടർ ഉത്തരവുകളിലോ സൂപ്പർ ന്യൂമററിയായി ജോലി നോക്കി വരവെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകളൊന്നും തന്നെയില്ല.

4. ടി വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"15/03/2010-ലെ ജി.ഒ (എം.എസ്) നം.58/2010/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഗ്രാമവികസന വകുപ്പിലേയ്ക്കുള്ള സംയോജനത്തിന്റെ ഭാഗമായി റിട്ടയർമെന്റോടു കൂടി അപ്രത്യക്ഷമാകുമെന്ന വ്യവസ്ഥയിൽ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാരുടെ തസ്തിക സൂപ്പർന്യൂമററിയായി ഗ്രാമവികസന വകുപ്പിലേയ്ക്കും/ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കും ആഗിരണം ചെയ്തിട്ടുള്ളത്. ടി ഉത്തരവിലെ ഇനം.12-ൽ വകുപ്പിൽ പരിഗണനയിലിരിക്കുന്ന ആശ്രിത നിയമന അപേക്ഷകൾ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമവികസന വകുപ്പ്/ തദ്ദേശസ്വയംഭരണ വകുപ്പ് തീർപ്പാക്കണമെന്നും ഇനം.13-ൽ പദ്ധതിയുടെ അംഗീകാരത്തിനായി വ്യവസായ വകുപ്പ് മന്ത്രിസഭയെ സമീപിക്കണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ആകയാൽ ടി ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രി മന്ത്രിസഭയുടെ അനുമതിയോടെ തീരുമാനം എടുക്കുകയാണ് വേണ്ടത്. ആയതിനുശേഷം മാത്രമേ പാർവ്വതിയുടെ അപേക്ഷയിൽ തീരുമാനമെടുക്കാവൂ എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു."

Para 9NF

5. ടി വിഷയം സംബന്ധിച്ച് അഭിപ്രായത്തിനായി ഫയൽ സമർപ്പിച്ചപ്പോൾ ബഹു.വ്യവസായ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം ഉത്തരവായി.

"സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിതനിയമനം നിയമാനുസരണം അനുവദനീയമല്ല."

Para 15NF

6. ടി വിഷയത്തിൽ ധനവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കൊല്ലം ജില്ലയിൽ ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗത്തിലെ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ ആയിരിക്കെ മരണമടഞ്ഞ ജയ.എം.വി-യുടെ മകളായ കുമാരി.പാർവ്വതി.എ.ജെ ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ മന്ത്രിസഭയോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും ഉചിത തീരുമാനം കൈക്കൊള്ളുവാനും ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

7. മറ്റെല്ലാ വശങ്ങളും പരിഗണിക്കുമ്പോൾ കുമാരി.പാർവ്വതി.എ.ജെ യ്ക്ക് ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് ആയി നിയമനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. ടി വിഷയം സംബന്ധിച്ച് ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

15/03/2010-ലെ ജി.ഒ (എം.എസ്) 58/2010/വ്യവ പ്രകാരം സെറിഫെഡിൽ നിന്നും ഗ്രാമവികസന വകുപ്പിലേയ്ക്ക് പുനർ വിന്യസിക്കപ്പെട്ട്, സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതയായി, അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറായി സേവനത്തിലിരിക്കെ 07/09/2012-ൽ മരണപ്പെട്ട ജയ.എം.വി-യുടെ മകളായ കുമാരി.പാർവ്വതി.എ.ജെ-യ്ക്ക് ഗ്രാമവികസന വകുപ്പിൽ കൊല്ലം ജില്ലയിൽ നിലവിലുള്ളതോ ഉടനുണ്ടാകുന്നതോ ആയ ഒഴിവിൽ ക്ളർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകാവുന്നതാണോ?

**GOVERNMENT OF KERALA**
**(SRI.PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | ERB2/51/2018/LSGD |
| 2. | Department | : | Local Self Government (ERB)Department. |
| 3. | Subject | : | Appointment under Compassionate Employment Scheme to Kumari.Parvathy.A.J D/o Jaya.M.V-Assistant Sericulture Officer, redeployed from Serifed to Rural Development Dept in Supernumerary post, as Clerk, in Kollam District. |
| 4. | Date of Chief Minister's order for placing before the Council | : | 18.09.2020 |
| 5. | i. Does the case involve financial commitments/implications<br>ii. If the answer to the above in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | :<br>: | Yes<br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes |
| 7. | Name of Special Secretary who submitted the Draft Note | : | Sri.R.S.Kannan |
| 8. | Name of Additional Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | : | 25/1/2021 |
| 10. | Name of Chief Secretary who appoved the Draft Note | : | Dr.Vishwas Mehta |
| 11. | Date of appoval of the Draft Note for the Council by the Chief Secretary | : | 8/2/2021 |
| 12. | Name of Minister who appoved the Draft Note | : | Sri.A.C.Moideen |
| 13. | Date of approval of the Draft Note for the Council by the Minister. | : | 9/2/2021 |
| 14. | Date of submission of fair copies | : | |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the GO/letter communicating the decision | : | |

## Draft Note for the Council of Ministers

This note deals with the appointment of Kumari.Parvathy.A.J, D/o (Late) Jaya.M.V, Assistant Sericulture Officer, who was re-deployed from Serifed to Rural Development Department vide G.O(Ms)No.58/2010/ID dated 15/03/2010, posted in Supernumerary Post and died on 07/09/2012 while in service, under Compassionate Employment Scheme, as Clerk in Kollam District in the existing or arising vacancy in Rural Development Department.

2. Jaya.M.V, died on 07/09/2012, while in service as Assistant Sericulture Officer, in Supernumerary Post in the Poverty Alleviation Unit, Kollam. Her daughter Kumari. Parvathy.A.J has submitted application under Compassionate Employment Scheme as Clerk in Kollam District in Rural Development Department.

3. As per G.O (MS) 58/2010/ID Dated 15/03/2010 Serifed was liquidated and the employees were re-deployed to Local Self Government Department/ Rural Development Department and Kerala Khadi & Village Industries Board. 44 Assistant Sericulture Officers including Jaya.M.V were re-deployed from Serifed to Rural Development Department. In the order, it was specifically stated that the 44 posts of Assistant Sericulture Officers would be considered as Supernumerary Posts and declared as vanishing category. In the order, it was also ordered that pending applications of the employees under Compassionate Employment Scheme should be processed in CRD/LSGD, as the case may be, as per existing rules. In G.O (P) No.12/99/P&ARD Dated 24/05/1999 or in the subsequent orders, there are no

references to the appointment of employees under Compassionate Employment Scheme, who die while working in Supernumerary Posts.

4. When consulted P&ARD has remarked as follows:-

"15/03/2010-ലെ ജി.ഒ (എം.എസ്) നം.58/2010/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഗ്രാമവികസന വകുപ്പിലേയ്ക്കുള്ള സംയോജനത്തിന്റെ ഭാഗമായി റിട്ടയർമെന്റോടു കൂടി അപ്രത്യക്ഷമാകുമെന്ന വ്യവസ്ഥയിൽ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാരുടെ തസ്തിക സൂപ്പർന്യൂമററിയായി ഗ്രാമവികസന വകുപ്പിലേയ്ക്കും/ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കും ആഗിരണം ചെയ്തിട്ടുള്ളത്. ടി ഉത്തരവിലെ ഇനം.12-ൽ വകുപ്പിൽ പരിഗണനയിലിരിക്കുന്ന ആശ്രിത നിയമന അപേക്ഷകൾ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമവികസന വകുപ്പ്/തദ്ദേശസ്വയംഭരണ വകുപ്പ് തീർപ്പാക്കണമെന്നും ഇനം.13-ൽ പദ്ധതിയുടെ അംഗീകാരത്തിനായി വ്യവസായ വകുപ്പ് മന്ത്രിസഭയെ സമീപിക്കണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ആകയാൽ ടി ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് വ്യവസായ വകുപ്പമന്ത്രി മന്ത്രിസഭയുടെ അനുമതിയോടെ തീരുമാനം എടുക്കുകയാണ് വേണ്ടത്. ആയതിനുശേഷം മാത്രമേ പാർവ്വതിയുടെ അപേക്ഷയിൽ തീരുമാനമെടുക്കാവൂ എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു."

5. When consulted the Industries Department, the Minister for Industries has ordered as follows:-

"സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിതനിയമനം നിയമാനുസരണം അനുവദനീയമല്ല".

6. When consulted, Finance Department has opined as follows:-

"കൊല്ലം ജില്ലയിൽ ജില്ലാദാരിദ്ര്യലഘൂകരണ വിഭാഗത്തിലെ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ ആയിരിക്കെ മരണമടഞ്ഞ ജയ.എം.വി-യുടെ മകളായ കുമാരി.പാർവ്വതി.എ.ജെ ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ മന്ത്രിസഭയോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും ഉചിത തീരുമാനം കൈക്കൊള്ളുവാനും ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

7. While considering all other aspects, Kumari.Parvathy.A.J is eligible to get appointment as Clerk in Rural Development Department, as reported by the District Collector, Kollam.

8. The Honourable Chief Minister ordered to place the matter before the Council of Ministers.

## Point for decision

Whether Kumari.Parvathy.A.J, D/o (Late) Jaya.M.V, Assistant Sericulture Officer, who was re-deployed from Serifed to Rural Development Department vide G.O(Ms)No.58/2010/ID dated 15/03/2010, posted in Supernumerary Post and died on 07/09/2012 while in service, may be granted appointment under Compassionate Employment Scheme, as Clerk in Rural Development Department Kollam District in the existing or arising vacancy?